പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4819 — 21/10/2011 ൽ മറുപടിയ്ക്ക്

## ചേലക്കടവ്-മൂക്കുതല ബണ്ടിന്റെ നിർമ്മാണ പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ : | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) മലപ്പുറം ജില്ലാപഞ്ചായത്ത് 1999-2000 വർഷത്തിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പണി തുടങ്ങിയ ചേലക്കടവ്-മൂക്കുതല ബണ്ടിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) പ്രസ്തുത പദ്ധതിയ്ക്ക് അഡ്വാൻസ് തുക അനുവദിച്ചിട്ടുണ്ടോ; | (ബി) ഉണ്ട് |
| (സി) പണികൾ പൂർത്തീകരിച്ചിട്ടില്ലാ എങ്കിൽ അത് പൂർത്തീകരിക്കുന്നതിന് എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; | (സി) 20/3/2000-ൽ കരാർ വച്ച് പ്രവൃത്തി നടപ്പാക്കാത്തതിനാൽ 26/6/2003-ൽ പ്രവർത്തി റദ്ദ് ചെയ്യുകയുണ്ടായി. ഈ സാഹചര്യത്തിൽ പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. |
| (ഡി) പണികൾ പൂർത്തീകരിക്കാത്തതു മൂലം നഷ്ടമുണ്ടായിട്ടുണ്ടോ; എങ്കിൽ എത്രയാണ്; | (ഡി) അഡ്വാൻസ് ഇനത്തിൽ അനുവദിച്ച 50,000/- രൂപയും, അഡ്വാൻസ് അനുവദിച്ച തീയതി മുതൽ അഡ്വാൻസ് തുക തിരികെ അടവാക്കിയ 22/11/2010 വരെ സർക്കാർ നിയമപ്രകാരമുള്ള പലിശ ഇനത്തിൽ 96,090/- രൂപയും നഷ്ടമുണ്ട്. |
| (ഇ) അഡ്വാൻസ് അനുവദിച്ചിട്ടുണ്ടെങ്കിൽ അത് തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ഇ) റവന്യൂ റിക്കവറി നിയമപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | എങ്കിൽ എത്ര തുക തിരിച്ചു പിടിച്ചിട്ടുണ്ട്; ഇനിയും ബാക്കിയുണ്ടെങ്കിൽ എത്ര ? | (എഫ്) | അഡ്വാൻസായി അനുവദിച്ച 50,000/- രൂപ റവന്യൂ റിക്കവറി നിയമപ്രകാരം 22/11/2010-ലെ ഡി.ഡി മുഖേന അടവാക്കിയിട്ടുണ്ട്. പലിശയിനത്തിൽ 96,115/- രൂപ അടവാക്കിയിട്ടില്ലാത്തതിനാൽ ആയത് ഈടാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ